തന്നെ പ്രവർത്തനം നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ബുദ്ധിമുട്ട് പൂർണ്ണമായും ഇല്ലാതെയാകും. ഇപ്പോഴും ഡയറിയിൽ നിന്നുള്ള പാൽ സംഭരണം ഉൽപ്പാദകർക്കുള്ള ബുദ്ധിമുട്ട് പരമാവധി ഒഴിവാക്കുന്ന തരത്തിൽ നടത്തുന്ന കാര്യത്തിൽ ഫെഡറേഷൻ ശ്രദ്ധിക്കുന്നുണ്ട്. അതിനായി കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന സമയങ്ങളിൽ ശേഖരിക്കുന്ന പാൽ നഷ്ടം സഹിച്ച് അന്യസംസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നുണ്ട്.

(3) മുടവൻമുകളിലെ കടത്തുവഞ്ചി

ശ്രീ. വി.ജെ. തങ്കപ്പൻ: സർ, ബഹുമാന്യനായ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററുടെ ശ്രദ്ധ ക്ഷണിക്കാൻവേണ്ടിയാണ് ഞാൻ രണ്ടുവാക്ക് പറയുന്നത്. നേമം പഞ്ചായത്ത് തിരുവനന്തപുരം സിറ്റിയുടെ തൊട്ടടുത്താണ് സ്ഥിതിചെയ്യുന്നത്. അതിനിടയ്ക്കുകൂടി കരമനയാറ് ഒഴുകുന്നു. അതിലെ പ്രധാനപ്പെട്ട കടത്താണ് മുടവൻമുകം കടത്ത്. ആ കടത്തിൽ കഴിഞ്ഞ പത്തുപതിനാല് ദിവസങ്ങളായി കടത്തുവഞ്ചിയില്ല. ഈ വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിളിച്ച് സംസാരിച്ചു. എന്നാൽ വള്ളം വിടുന്നതിന് കൂട്ടാക്കുന്നില്ല. മന്ത്രിയോടല്ലാതെ മറ്റാരോടും എനിക്ക് ഈ കാര്യം പറയാൻ കഴിഞ്ഞില്ല. നിസ്സാരമായി നടപ്പിലാക്കാവുന്ന, മറ്റു സാമ്പത്തിക ബുദ്ധിമുട്ടോ, ബാദ്ധ്യതകളോ ഒന്നുമില്ലാതെ മനസ്സുണ്ടെങ്കിൽ മാത്രം നടപ്പിലാക്കാൻ കഴിയുന്ന കാര്യമാണ് കടത്തുവഞ്ചി വിടുന്നത്. സ്കൂൾ കുട്ടികൾക്ക് കഴിഞ്ഞ പത്തുപതിനാല് ദിവസങ്ങളായി അങ്ങോട്ടുമിങ്ങോട്ടും പോകാൻ സാധിക്കുന്നില്ല. വളരെ നിസ്സാരമായിട്ടാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇക്കാര്യത്തെ കാണുന്നത്. അതുകൊണ്ട് ഈ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന ആരെയെങ്കിലും അവിടെ ഇരുത്തുകയോ അല്ലെങ്കിൽ അടിയന്തിരമായി കടത്തുവഞ്ചി വിടാനുള്ള സംവിധാനം ഉണ്ടാക്കുകയോ ചെയ്യണം.

ഉപമുഖ്യമന്ത്രി (ശ്രീ.കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വെറുതെ ഒരു വള്ളം ഇടുന്ന പ്രശ്നം മാത്രമല്ല. അവിടെ ഒരു വള്ളം ഉണ്ടായിരുന്നു. ആ വള്ളം ആരോ കട്ടുകൊണ്ടുപോയി. അവിടത്തെ ജനങ്ങൾ രണ്ട് ഭാഗമായി തിരിഞ്ഞിരിക്കുകയാണ്. കടത്തുകാരനായാതൊരു സംരക്ഷണവുമില്ല. ആ സ്ഥിതിയാണ് അവിടെ ഇപ്പോഴുള്ളത്. ഏതായാലും കട്ടുകൊണ്ടുപോയ വള്ളം കണ്ടുപിടിക്കാൻ വേണ്ട നടപടിയെടുത്തിട്ടുണ്ട്. ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. അതിനിടയിൽ തൽക്കാലം ഒരു വള്ളം ഉപയോഗപ്പെടുത്താനും സ്ഥിരമായ ഏർപ്പാടു ചെയ്യാനും ഉള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

(4) റാന്നിയിലെ വലിയ പള്ളി പ്രശ്നം

ശ്രീ. ടി.എസ്. ജോൺ: സർ, റാന്നിയിലെ പുരാതനമായ വലിയ പള്ളി ഇന്ന് പൂട്ടിക്കിടക്കുകയാണ്. അതിനെത്തുടർന്ന് അതിന്റെ അഞ്ചു കുരിശു പള്ളികളും . രണ്ടു വിഭാഗം ആളുകൾ തമ്മിലുണ്ടായ സംഘർഷത്തിന്റെ ഫലമായിട്ടാണ് കഴിഞ്ഞ 16 മാസക്കാലത്തിനു മുമ്പ് ഇത് പൂട്ടിയിട്ടത്. ഇപ്പോൾ രണ്ടു വിഭാഗം ആളുകളും അത് തുറന്ന് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തുകയാണ്. അതിൽ ബിഷപ്പിന്റെ നേതൃത്വത്തിലുള്ള ഒരു വിഭാഗത്തിനെതിരായ നിലപാടാണ് പോലീസ് സ്വീകരിച്ചിരിക്കുന്നതെന്നുള്ള ധാരണ പരക്കെ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റാന്നി പട്ടണത്തിന്റെ പുരോഗതിക്കുതന്നെ അത് തടസ്സമായി വന്നിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇടപെട്ട് ചർച്ച ചെയ്ത് എത്രയും വേഗം പ്രശ്നം പരിഹരിക്കണമെന്നു മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, 1971-ൽ തുടങ്ങിയ തർക്കവും സംഘർഷവുമാണ് അവിടെ നിലനിൽക്കുന്നത്. ഏതായാലും രണ്ടുകൂട്ടരും പോലീസ് സംരക്ഷണം ആവശ്യപ്പെടുകയും സംരക്ഷണം കൊടുക്കുകയും ചെയ്തതിനു ശേഷം മാത്രമാണ് പോലീസ് ഇടപെടുകയും പള്ളി താൽക്കാലികമായി പൂട്ടിയിടുകയുമുണ്ടായത്. അതിനുശേഷം ആഭ്യന്തരകാര്യ സെക്രട്ടറി ശ്രീ. എൻ. കാളീശ്വരനെയും ശ്രീ. ബാബുപോളിനേയും ചുമതലപ്പെടുത്തി ഇതിന് മദ്ധ്യസ്ഥത്തിന് ശ്രമിക്കുകയും ഏറെക്കുറെ രണ്ടു കൂട്ടരും അംഗീകരിക്കുന്ന തീരുമാനമെടുത്തുവെങ്കിലും അത് വീണ്ടും അലസിപ്പോവുകയുമാണുണ്ടായത്. ഇപ്പോഴും അടിയന്തിരമായി ഒരാഴ്ചക്കുള്ളിലോ അടുത്ത ആഴ്ചയോ തന്നെ കോൺഫറൻസ് വിളിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ആ കോൺഫറൻസിൽ രണ്ടു വിഭാഗക്കാരും ഒരു യോജിപ്പിലെത്തുമെന്നുള്ള പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. എത്രയും വേഗം പള്ളി തുറക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

(5) ദേവികുളം നിയോജകമണ്ഡലത്തിലെ റോഡുകൾ

ശ്രീ. ജി. വരദൻ: സർ, എം.എൽ.എ. മാർക്കുള്ള രണ്ടു റോഡുകളെക്കുറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പറഞ്ഞു. ഞാൻ രണ്ടു റോഡിനും എഴുതിക്കൊടുത്തതാണ്. ഏറ്റവും കൂടുതൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന സ്ഥലമാണ് മൂന്നാർ, മാങ്കുളം. മൂന്നാറിൽ ജനങ്ങൾ 35 കിലോമീറ്റർ നടന്നു യാത്ര ചെയ്യണം. ഈ റോഡിനു ഇതുവരെ നമ്മുടെ ഡിപ്പാർട്ടുമെന്റ് യാതൊരു നടപടികളും എടുത്തിട്ടില്ല. വേറെ ഒരു റോഡാണ് കുഞ്ചിത്തണ്ണി—കജനാപ്പാറ. മൂന്നു പഞ്ചായത്തുകളെ ബന്ധിക്കുന്ന റോഡാണ് ഇത്. ഈ റോഡും നമ്മുടെ പി. ഡബ്ല്യു.ഡി. ഉദ്യോഗസ്ഥൻമാർ എടുത്തിട്ടില്ല. മൂന്നാറിൽ ചെല്ലുമ്പോൾ പറയും ഇടുക്കിയിൽ ചെന്നാൽ വിവരം കിട്ടുമെന്ന്. ഇടുക്കിയിൽ ചെന്നാൽ പറയും തിരുവനന്തപുരം ചീഫ് എഞ്ചിനീയർ ആഫീസിൽ ചെന്നാൽ വിവരം കിട്ടുമെന്ന്. അവിടെ ചെല്ലുമ്പോൾ മന്ത്രിയുടെ ആഫീസിൽ ചോദിച്ചാൽ മറുപടി കിട്ടുമെന്നു പറയും. അതുപോലെ തന്നെയാണ് വട്ടവട ടോപ് സ്റ്റേഷൻ റോഡ്. ഇത് ഒൻപതു വർഷമായി പണിതീരാതെ കിടക്കുകയാണ്. മാത്രമല്ല അവിടെ ഇപ്പോഴും റേഷൻ അരി കഴുതയുടെ പുറത്താണ് കൊണ്ടു പോകുന്നത്. അതുപോലെ തന്നെയാണ് തട്ടേക്കാട് കുട്ടംപുഴ റോഡ്. ഇത് കോതമംഗലത്തെ ഒരു പഞ്ചായത്തു റോഡാണ്. മുപ്പത്തയ്യായിരം ആളുകളുള്ള ഒരു പഞ്ചായത്താണ്. ഒൻപതു കൊല്ലമായി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ള പാലത്തിന്റെ പണി തുടങ്ങിയിട്ടില്ല. ഒന്നുകിൽ ദയവായി ഈ എം.എൽ.എ. റോഡിന്റെ പേരു മാറ്റണം. അല്ലെങ്കിൽ അതിന്റെ പണി പൂർത്തിയാക്കണം. അതിന്റെ പണി പൂർത്തിയാക്കാത്തതിന്റെ പുറകിൽ എന്തോ ഉണ്ട്. ഈ റോഡുകളുടെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly